# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി

***ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ.പാലോളി മുഹമ്മദ് കുട്ടിയുടെ അദ്ധ്യക്ഷതയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പ് മന്ത്രി ഡോ.ടി.എം.തോമസ് ഐസക്കിന്റെ സാന്നിദ്ധ്യത്തിൽ നിയമസഭാ കോംപ്ലക്സിലെ കോൺഫറൻസ് ഹാളിൽ (610) വച്ച് 30.06.2008–ന് ഉച്ചയ്ക്കുശേഷം 2.00 മണിക്ക് കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ നടപടി കുറിപ്പ്:***

## 1. പൊതു വിഷയങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ

1.1 രണ്ടാംഘട്ട പ്രോജക്ടുകളുടെയും 2008–09 വാർഷിക പദ്ധതിയുടെയും അംഗീകാരത്തിന് മുൻപ് തദ്ദേശഭരണ സ്ഥാപനങ്ങൾ പൂർത്തിയാക്കേണ്ട പ്രവർത്തന ഘട്ടങ്ങളുടെ പുരോഗതി യോഗം അവലോകനം ചെയ്തു. 2008 ജൂൺ 28 വരെ 1066 തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ പുതുക്കിയ നടപടി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിട്ടുള്ളതായും അതിൽ 879 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഔപചാരികമായി ഉത്തരവ് അംഗീകരിച്ച് നൽകിയിട്ടുള്ളതായും യോഗം വിലയിരുത്തി. 235 തദ്ദേശഭരണ സ്ഥാപനങ്ങൾ മാത്രമേ ചെലവുകണക്കുകൾ ഇലക്ട്രോണിക് രൂപത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. 6 തദ്ദേശഭരണ സ്ഥാപനങ്ങൾ 2008–09–ലെ സ്പിൽഓവർ പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിട്ടുണ്ട്.

1.2 ജില്ലാ ആസൂത്രണസമിതി നടപടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രം ട്രഷറിയിൽ നിന്നും ബില്ലുകൾ മാറുന്ന സമ്പ്രദായം 2008 ജൂലൈ 1 മുതൽ പ്രാബല്യത്തിൽ വരുത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ ട്രഷറി ഉദ്യോഗസ്ഥർക്ക് അടിയന്തിരമായി പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കണം.

*(നടപടി : ഡയറക്ടർ, കില)*

1.3 ലേസർ പ്രിന്ററിന്റെ ആവർത്തന ചെലവുകൾ ഡോട്ട്മാട്രിക്സ് പ്രിന്ററിനെക്കാൾ താരതമ്യേന കൂടുതലായിരിക്കുമെന്നതിനാൽ ലേസർ പ്രിന്റർ വാങ്ങുവാൻ ഗ്രാമപഞ്ചായത്തുകൾക്ക് അനുവാദം നൽകുന്നില്ല.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

1.4 ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടിയുടെ ഫലപ്രദമായ നടത്തിപ്പിന് ബന്ധപ്പെട്ട എല്ലാ വിഭാഗക്കാർക്കും പരിശീലനം നൽകണം. ഗ്രാമ പഞ്ചായത്തിലെ ജനപ്രതിനിധികൾ, സെക്രട്ടറി, കൃഷി ഓഫീസർ, രണ്ടോ മൂന്നോ ഫെസിലിറ്റേറ്റർമാർ എന്നിവർക്കാണ് പരിശീലനം നൽകേണ്ടത്. പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ, റിസോഴ്സ് പേഴ്സൺമാർ, ഒൻപതാം പദ്ധതിയിലെ ജനകീയാസൂത്രണ കോ–ഓർഡിനേറ്റർമാരിൽ നിന്ന് പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ടവർ എന്നിവരുടെ സംസ്ഥാനതല ശില്പശാല സംഘടിപ്പിക്കണം.

*(നടപടി : 1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്*
*2. ഡയറക്ടർ, കില)*

## 2. സബ്സിഡി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച തീരുമാനങ്ങൾ

### 2.1 കൃഷി

*(1) വിത്തുകളും തൈകളും*

പച്ചക്കറി വിത്തുകളും തൈകളും നാമമാത്ര–ചെറുകിട കർഷകർക്ക് 100% സബ്സിഡിയോടെയും മറ്റു വിത്തുകളും തൈകളും നാമമാത്ര കർഷകർക്ക് മാത്രം 50% സബ്സിഡിയോടെയും നൽകുന്നതിനാണ് ഇപ്പോൾ അനുമതിയുള്ളത്. പച്ചക്കറി വിത്തുകളും തൈകളും ഉൾപ്പെടെ എല്ലാ വിത്തുകളും തൈകളും ചെറുകിട–നാമമാത്ര കർഷകർക്ക് 100 ശതമാനം സബ്സിഡിയോടെ അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

*(2) ജൈവകീടനാശിനികൾ ഉൾപ്പെടെയുള്ള കീടനാശിനികൾ*

*(i)* ഈ വിഭാഗത്തിൽ കുമ്മായം കൂടി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകുന്നു. നാമമാത്ര കർഷകർക്ക് മാത്രം 50% സബ്സിഡിയോടെ അനുവദിക്കാം.

*(ii)* നിരക്ക് 100 ശതമാനമായി വർദ്ധിപ്പിക്കണമെന്ന കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആവശ്യം അംഗീകരിക്കുന്നില്ല.

*(3) പമ്പ്സെറ്റ്*

പൊതുവിഭാഗക്കാർക്ക് 50 ശതമാനം എന്ന നിരക്കിലും പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്ക് 75 ശതമാനം എന്ന നിരക്കിലുമാണ് സബ്സിഡി അനുവദിക്കാവുന്നത്. നിരക്ക് 100 ശതമാനമായി വർദ്ധിപ്പിക്കണമെന്ന കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷന്റെ ആവശ്യം അംഗീകരിക്കുന്നില്ല.

(4) ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മ പരിപാടിയുടെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള ചുവടെ ചേർത്തിരിക്കുന്ന സബ്സിഡി നിർദ്ദേശങ്ങൾക്ക് സാധൂകരണം നൽകുന്നു.

(i) വിത്ത്, വളം, കീടനാശിനികൾ മുതലായ ഉത്പാദനോപാധികൾ; പമ്പ്സെറ്റുകൾ, സ്പ്രെയറുകൾ, തുടങ്ങിയ കാർഷികോപകരണങ്ങൾ; ട്രാക്ടറുകൾ, ടില്ലറുകൾ, കൊയ്ത്ത്-മെതിയന്ത്രങ്ങൾ തുടങ്ങിയ കാർഷിക യന്ത്രങ്ങൾ എന്നിവ കർഷക തൊഴിലാളി ഗ്രൂപ്പുകൾക്ക് കൂടി പൊതുവിഭാഗത്തിന് നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്ക് പ്രകാരം അനുവദിക്കാവുന്നതാണ്.

(ii) റിവോൾവിംഗ് ഫണ്ട്:- കർഷക ഗ്രൂപ്പുകൾ, പാടശേഖര സമിതികൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയ്ക്ക് പുറമെ കർഷക തൊഴിലാളി ഗ്രൂപ്പുകൾക്ക് കൂടി അനുവദിക്കാവുന്നതാണ്.

റിവോൾവിംഗ് ഫണ്ട് ഒറ്റത്തവണ മാത്രമേ നൽകാൻ പാടുള്ളൂ. റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിക്കണം.

*(5) നെൽകൃഷി*

വിള ഇൻഷ്വറൻസ് പ്രീമിയം, കൃഷി ചെലവ് എന്നിവ ഉൾപ്പെടെ കർഷകർക്ക് ഒരു ഹെക്ടറിന് പരമാവധി 2500 രൂപ ധനസഹായം അനുവദിക്കാവുന്നതാണ്. തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്ന പ്രവർത്തനങ്ങൾ പൂർണ്ണമായും, നീർത്തട വികസന പദ്ധതിയുടെ ഭാഗമായി ഒറ്റത്തവണത്തെ ഭൂവികസന പ്രവർത്തനങ്ങൾ എന്ന രീതിയിൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ നടപ്പാക്കാമെന്നതിനാൽ കൃഷി വകുപ്പ് അത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതില്ല. ഇൻഷ്വറൻസ് സ്കീമിന്റെ പ്രീമിയം തുക 25 : 75 എന്ന അനുപാതത്തിൽ കൃഷി വകുപ്പും തദ്ദേശഭരണസ്ഥാപനങ്ങളും സംയുക്തമായി വഹിക്കണം. ഇൻഷ്വറൻസ് കമ്പനികളുമായി നെഗോഷിയേറ്റ് ചെയ്ത് മാർഗ്ഗനിർദ്ദേശങ്ങൾ തയാറാക്കുന്നതിന് കൃഷിവകുപ്പ് സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ് സെക്രട്ടറി എന്നിവരെ ചുമതലപ്പെടുത്തുന്നു. കൃഷി വകുപ്പിന്റെ അംഗീകാരത്തോടുകൂടി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണം.

വിള ഇൻഷ്വറൻസിനുള്ള പ്രീമിയം തുക ഉൾപ്പെടെ കർഷകർക്ക് ഒരു ഹെക്ടറിന് പരമാവധി 2500 രൂപ ധനസഹായം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാൽ കണ്ണൂർ ജില്ലയിലെ കൈപ്പാട് കൃഷിക്ക് മാത്രമായി പ്രത്യേക മാനദണ്ഡങ്ങൾ ആവശ്യമില്ല.

(6) കാർഷിക മേഖലയിലെ സബ്സിഡി മാനദണ്ഡങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച് പൊതു തീരുമാനമെടുത്തിട്ടുള്ളതിനാൽ പാലക്കാട് പ്രിൻസിപ്പൽ കൃഷി ഓഫീസർ സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങൾക്ക് തുടർ നടപടി ആവശ്യമില്ല.

## 2.2 മൃഗസംരക്ഷണം

(1) സബ്സിഡി മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

- *ദാരിദ്ര്യരേഖയ്ക്ക്* താഴെയുള്ളവർക്ക് – യൂണിറ്റ് കോസ്റ്റിന്റെ 50%

- മൃഗപരിപാലനം മുഖ്യതൊഴിലായിട്ടുള്ള നാമമാത്ര കർഷകർക്ക് – യൂണിറ്റ് കോസ്റ്റിന്റെ 33 1/3 %
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മുൻഗണന നൽകണം.
- യൂണിറ്റ്കോസ്റ്റ് ജില്ലാതല ടി.എ.ജി നിശ്ചയിക്കണം.
- യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 20,000 രൂപ.
- പശു, എരുമ തുടങ്ങിയ വലിയ ഇനം മൃഗങ്ങൾ സംസ്ഥാനത്തിന് പുറത്തു നിന്നുമാത്രമേ വാങ്ങാൻ പാടുള്ളൂ. പ്രോജക്ട് പ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളിൽ നിന്നും അവരാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗുണഭോക്തൃസമിതി രൂപീകരിച്ച് പ്രസ്തുത സമിതി മുഖേന മൃഗങ്ങൾ വിലയ്ക്ക് വാങ്ങേണ്ടതാണ്.
- മൃഗപരിപാലനം മുഖ്യതൊഴിലായിട്ടുള്ള നാമമാത്ര കർഷകർക്ക് തീറ്റപ്പുൽ വിത്തുകൾ/നടീൽ വസ്തുക്കൾ സൗജന്യമായി അനുവദിക്കാവുന്നതാണ്.

**(2) പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി (SLBP)**

ഒരു യൂണിറ്റിന്റെ നിരക്ക് സംസ്ഥാന വിഹിതം 3750 രൂപ, തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം 3750 രൂപ, ഗുണഭോക്തൃ വിഹിതം 7500 എന്ന നിരക്കിൽ പുതുക്കി നിശ്ചയിക്കുന്നു.

### 2.3 മണ്ണ് സംരക്ഷണം

മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ പൂർണ്ണമായും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഏറ്റെടുക്കാമെന്നുള്ളതിനാൽ സബ്സിഡി ആവശ്യമില്ല.

### 2.4 മത്സ്യകൃഷി

(1) സബ്സിഡി മാനദണ്ഡങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

**എ. സമുദ്ര മേഖല**

| *ക്രമ നം* | *ഇനം* | *സബ്സിഡിയുടെ കൂടിയ പരിധി* | *സബ്സിഡി മാനദണ്ഡങ്ങൾ* | *അർഹത* |
|---|---|---|---|---|
| (1) | (2) | (4) | (5) | (6) |
| 1. | ചിപ്പി ശേഖരിക്കുന്നതിനുള്ള ഡിങ്കി | വിലയുടെ 50 ശതമാനം പരമാവധി 10,000 രൂപ | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 25,000 രൂപ. | ബി.പി.എൽ കുടുംബത്തിലെ സജീവമായി മത്സ്യ ബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളി |
| 2. | ഗിൽനെറ്റും ഡിങ്കിയും | വിലയുടെ 50 ശതമാനം പരമാവധി 10,000 രൂപ | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 25,000 രൂപ. | ബി.പി.എൽ കുടുംബത്തിലെ സജീവമായി മത്സ്യ ബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളി |
| 3. | കട്ടമരം | വിലയുടെ 50 ശതമാനം പരമാവധി 10,000 രൂപ | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 25,000 രൂപ | ബി.പി.എൽ കുടുംബത്തിലെ സജീവമായി മത്സ്യ ബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളി |
| 4. | മത്സ്യബന്ധന വള്ളത്തിന് കടൽ സുരക്ഷാ ഉപകരണം-ഒരു വള്ളത്തിന് | വിലയുടെ 50 ശതമാനം പരമാവധി 10,000 രൂപ | (1) യൂണിറ്റ് കോസ്റ്റ് ജില്ലാതല ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് നിശ്ചയിക്കണം (2) മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്ന് വാങ്ങണം | (1) ബി.പി.എൽ കുടുംബത്തിലെ സജീവമായി മത്സ്യ ബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളി (2) വള്ളം സ്വന്തമായി ഉണ്ടായിരിക്കണം |

| ക്രമ നം | ഇനം | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|
| (1) | (2) | (4) | (5) | (6) |
| 5. | മത്സ്യബന്ധനത്തിനുള്ള വല നൽകൽ | വലയുടെ വിലയോ 2500 രൂപയോ ഏതാണോ കുറവ് അത്–ഒരു വ്യക്തിക്ക് | (1) മൂന്ന് വർഷത്തിനുള്ളിൽ ഒരിക്കൽ മാത്രം<br>(2) മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്നും വാങ്ങണം | വള്ളം സ്വന്തമായുള്ള ബി.പി.എൽ കുടുംബത്തിലെ മത്സ്യതൊഴിലാളികളും ഗ്രൂപ്പുകളും |
| 6. | ഔട്ട്ബോർഡ് എഞ്ചിൻ, വല എന്നിവ ഉൾപ്പെടെ ഡിങ്കി | യൂണിറ്റ് കോസ്റ്റിന്റെ 25 ശതമാനം | (1) പരമാവധി വില 1,75,000 രൂപ<br>(2) വായ്പാ ബന്ധിത പ്രോജക്ട് ആയിരിക്കണം<br>(3) ബാക്ക് എൻഡ് സബ്സിഡി ആയി ബന്ധപ്പെട്ട ബാങ്കിന് നൽകണം<br>(4) ഔട്ട്ബോർഡ് എഞ്ചിൻ, വല എന്നിവ വ്യാസ സ്റ്റോറിൽ നിന്ന് വാങ്ങണം | (1) 5–7 അംഗങ്ങൾ ഉള്ള ഗ്രൂപ്പ്<br>(2) ബി.പി.എൽ കുടുംബത്തിലെ അംഗങ്ങളായിരിക്കണം |

**(ബി) ഉൾനാടൻ മേഖല**

| ക്രമ നം | ഇനം | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|
| (1) | (2) | (4) | (5) | (6) |
| 1. | അലങ്കാരമത്സ്യം വളർത്തലും വിപണനവും, അക്വേറിയം രൂപകൽപന മുതലായവ | (1) വ്യക്തികൾക്ക്– ചെലവിന്റെ 50 ശതമാനം പരമാവധി 10,000 രൂപ<br>(2) അഞ്ച് അംഗങ്ങളിൽ കുറയാതെയുള്ള ഗ്രൂപ്പിന് ചെലവിന്റെ 50 ശതമാനം പരമാവധി 50,000 രൂപ | യൂണിറ്റ് കോസ്റ്റ് ഡി.എൽ.ടി.എ.ജി നിശ്ചയിക്കണം | നാമമാത്ര മത്സ്യകർഷകർ/ കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/സ്വയം സഹായ ഗ്രൂപ്പുകൾ/ തൊഴിൽ ഗ്രൂപ്പുകൾ |
| 2. | മത്സ്യം വളർത്തുന്നതിനുള്ള ഉത്പാദനോപാധികൾ | 50 ശതമാനം പരമാവധി 10,000 രൂപ | യൂണിറ്റ് കോസ്റ്റ് ഒരു ഹെക്ടറിന് 30,000 രൂപ | നാമമാത്ര മത്സ്യ കർഷകർ/ കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ ഗ്രൂപ്പുകൾ/ തൊഴിൽ ഗ്രൂപ്പുകൾ. |
| 3. | ചിപ്പി കൃഷി | ചെലവിന്റെ 50 ശതമാനം പരമാവധി 10,000 രൂപ | (1) 25 ചതുരശ്ര മീറ്ററിന്റെയുണിറ്റ് കോസ്റ്റ് 10,000 രൂപ.<br>(2) വിത്തുകൾ നിക്ഷേപിച്ചിട്ടുള്ള ഒരു വടത്തിന്റെ നീളം 100 മീറ്റർ | നാമമാത്ര മത്സ്യ കർഷകർ /കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ ഗ്രൂപ്പുകൾ/ തൊഴിൽ ഗ്രൂപ്പുകൾ |

| ക്രമ നം | ഇനം | സബ്സിഡിയുടെ കൂടിയ പരിധി | സബ്സിഡി മാനദണ്ഡങ്ങൾ | അർഹത |
|---|---|---|---|---|
| (1) | (2) | (4) | (5) | (6) |
| 4. | കടൽ മുരിങ്ങകൃഷി | ചെലവിന്റെ 50 ശതമാനം പരമാവധി 10,000 രൂപ | (1) 25 ചതുരശ്ര മീറ്ററിന്റെ യൂണിറ്റ് കോസ്റ്റ് 10,000 രൂപ<br>(2) വിത്തുകൾ നിക്ഷേപിച്ചിട്ടുള്ള ഒരു വടത്തിന്റെ നീളം 100 മീറ്റർ | നാമമാത്ര മത്സ്യകർഷകർ/ കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ ഗ്രൂപ്പുകൾ/ തൊഴിൽ ഗ്രൂപ്പുകൾ |
| 5 | ഞണ്ട് കൃഷി | 50 ശതമാനം പരമാവധി 10,000 രൂപ | പരമാവധി യൂണിറ്റ്കോസ്റ്റ് ഒരു ഹെക്ടറിന് 60,000 രൂപ | (1) നാമമാത്ര മത്സ്യകർഷകർ/ കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ<br>(2) വ്യക്തികൾക്ക് മാത്രം |
| 6 | സംയോജിത മത്സ്യ കൃഷി | യൂണിറ്റ് കോസ്റ്റിന്റെ 20% പരമാവധി 15,000 രൂപ | (1) യൂണിറ്റ് കോസ്റ്റിന്റെ പരിധി–80,000 രൂപ<br>(2) വായ്പാബന്ധിത പ്രോജക്ട് ആയിരിക്കണം | കുടുംബശ്രീ അയൽകൂട്ട അംഗങ്ങൾ/ സ്വയം സഹായ ഗ്രൂപ്പുകൾ/ തൊഴിൽ ഗ്രൂപ്പുകൾ |

(2) മത്സ്യഉത്പാദനം വർദ്ധിപ്പിക്കുന്നതിന് റിസർവോയറുകളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കൽ (ഒരു ഹെക്ടറിന് 1500 മത്സ്യ കുഞ്ഞുങ്ങൾ), സാമൂഹിക മത്സ്യ കൃഷി (ഒരു ഹെക്ടറിന് 3000 മത്സ്യകുഞ്ഞുങ്ങൾ) എന്നീ പോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(3) മത്സ്യവിപണന വാഹനം–ഗ്രൂപ്പുകൾക്ക്, മത്സ്യമേഖലയിൽ മൂല്യവർദ്ധന സംരഭങ്ങൾ – പ്ലാന്റ്, യന്ത്രങ്ങൾ, കെട്ടിടം മുതലായ പശ്ചാത്തല സൗകര്യങ്ങൾ, സാങ്കേതിക യോഗ്യതയുള്ള യുവാക്കളുടെ സംരംഭങ്ങൾ (മത്സ്യബന്ധന സാമഗ്രികൾ, ഔട്ട് ബോർഡ് എഞ്ചിനുകളുടെ സ്പെയർപാർട്ടുകൾ മുതലായവ യുടെ വിപണനം), വിദ്യാസമ്പന്നരായ യുവാക്കളുടെ സമുദ്രതീര വിനോദ സഞ്ചാര സംരംഭങ്ങൾ (തുഴയൽ വള്ളങ്ങൾ, മത്സ്യവിഭവ വിൽപന ശാലകൾ മുതലായവ), വലനെയ്ത്ത് യൂണിറ്റുകൾ (കൈതൊഴിൽ) എന്നിവ സ്വയംതൊഴിൽ സംരംഭങ്ങളുടെ മാതൃകയിൽ അതിന് നിശ്ചയിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡ ങ്ങൾ പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(4) കുളം നിർമ്മാണം/നവീകരണം/വൃത്തിയാക്കൽ എന്നിവ പൂർണ്ണമായും ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്നതാണ്.

(5) പരമ്പരാഗത മത്സ്യബന്ധന ഗ്രൂപ്പുകൾക്ക് ഇന്ധന സബ്സിഡി, പ്രത്യേക മത്സ്യസമ്പത്തിന്റെ ചൂഷണത്തിന് ധനസഹായം, തലച്ചുമടായി/സൈക്കിൾ ഉപയോഗിച്ച് മത്സ്യവിപണനം നടത്തുന്ന പുരുഷനും വനിതയ്ക്കും ധനസഹായം, ചെമ്മീൻ കുഞ്ഞുങ്ങൾ, അലങ്കാര മത്സ്യ കൃഷി, മുറി വള്ളത്തിന്റെ അറ്റകുറ്റപ്പണി, ചെറുവള്ളത്തിന്റെ അറ്റകുറ്റപ്പണി, ഞണ്ട് കൊഴുപ്പിക്കൽ, ഗ്യാസ്കിറ്റ് ഘടിപ്പിച്ച ഔട്ട് ബോർഡ് എഞ്ചിൻ സ്വന്തമായുള്ള മത്സ്യതൊഴിലാളികൾക്ക് ഗ്യാസിന് സബ്സിഡി എന്നീ പുതിയ സബ്സിഡി നിർദ്ദേശങ്ങൾ അംഗീകരിക്കുന്നില്ല.

**2.5 വീടുകൾ, വീടുകളുടെ ഗുണമേന്മ വർദ്ധന (shelter upgradation), അറ്റകുറ്റപ്പണി മുതലായവ**

*(1) വീട്*

*(i)* നിലവിലുള്ള നിരക്കുകൾ പരിഷ്കരിക്കുന്നില്ല. ആശ്രയ ഗുണഭോക്താക്കൾക്ക് 75,000 രൂപ സബ്സിഡി അനുവദിക്കാവുന്നതാണ്.

(ii) തദ്ദേശഭരണ സ്ഥാപനങ്ങൾ അനുവദിക്കുന്ന ധനസഹായം വിനിയോഗിച്ച് നിർമ്മിക്കുന്ന വീടുകൾക്ക് ആസ്ബസ്റ്റോസ് മേൽക്കൂര പാടില്ല.

(iii) ഇന്ദിരാ ആവാസ് യോജന ഉൾപ്പെടെ ഒന്നിലെറെ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്ന് സംയുക്തമായി നടപ്പാക്കുന്ന ഭവന പ്രോജക്ടുകൾക്ക് വികേന്ദ്രീകൃതാസൂത്രണ പദ്ധതിയിൽ നിശ്ചയിച്ചിട്ടുള്ള പരമാവധി സബ്സിഡി അനുവദിക്കണം.

*(2) വീടുകളുടെ ഗുണമേന്മ വർദ്ധന*

ഇന്ദിര ആവാസ് യോജനയിൽ സബ്സിഡി തുക 01.04.2008 മുതൽ 15,000 രൂപയായി വർദ്ധിപ്പിച്ചിട്ടുള്ളതിനാൽ ജനകീയാസൂത്രണ പദ്ധതിക്കും ആ നിരക്ക് ബാധകമാക്കി നിരക്കുകൾ ഏകീകരിക്കുന്നു.

*(3) വീടുകളുടെ അറ്റകുറ്റപ്പണി/മെയിന്റനൻസ്*

നിലവിലുള്ള മാനദണ്ഡങ്ങൾ തന്നെ തുടരേണ്ടതാണ്.

*(4) ലക്ഷം വീടിന്റെ പുതുക്കിപ്പണി/മെയിന്റനൻസ്*

ലക്ഷം വീടിന്റെ നവീകരണ പരിപാടി ഭവന നിർമ്മാണ വകുപ്പ് ഏറ്റെടുത്തിട്ടുള്ള സാഹചര്യത്തിൽ ആ ഇനം ഒഴിവാക്കുന്നു.

*(5) വീട് വയറിംഗ്*

നിരക്ക് 2000 രൂപയായി വർദ്ധിപ്പിക്കുന്നു.

*(6) സാനിട്ടറി യൂണിറ്റ്*

നിലവിലുള്ള നിരക്കുകൾ തന്നെ തുടരേണ്ടതാണ്.

**2.6 ബയോഗ്യാസ് പ്ലാന്റുകൾ**

11.02.2008–ലെ സ.ഉ.(എം.എസ്) 39/08/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡ്സ്, സ്പെസിഫിക്കേഷൻസ്, യൂണിറ്റ് കോസ്റ്റ് എന്നിവ അനുസരിച്ച് നിർമ്മിക്കുന്ന ബയോഗ്യാസ് പ്ലാന്റുകൾക്ക് ഗാർഹിക തലത്തിൽ അനുവദിക്കാവുന്ന സബ്സിഡി നിരക്കുകൾ ചുവടെ പ്രതിപാദിക്കുന്ന പ്രകാരം പുതുക്കി നിശ്ചയിക്കുന്നു.

| *വിഭാഗം* | *പ്ലാന്റിന്റെ ശേഷി* | | |
|---|---|---|---|
| | *0.5 ക്യൂബിക് മീറ്റർ (പ്രതിദിനം 2.5 കി.ഗ്രാം ഖരമാലിന്യം)* | *ഒരു ക്യൂബിക് മീറ്റർ(പ്രതിദിനം 7.5 കി.ഗ്രാം ഖരമാലിന്യം)* | *രണ്ട് മുതൽ പത്ത് വരെ ക്യൂബിക് മീറ്റർ (പ്രതിദിനം 10 കി.ഗ്രാം മുതൽ 80 കി.ഗ്രാം വരെ ഖരമാലിന്യം)* |
| 1) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടിക ജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ | 1500 | 2800 | 3500 |
| 2) മറ്റുള്ളവർ (ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർ ഉൾപ്പെടെ) | 1500 | 2100 | 2700 |

**2.7 സാമ്പത്തിക വികസന പരിപാടികൾ**

(1) *സ്വയംതൊഴിലി*ന് ആസ്തികൾ

(i) നിലവിലുള്ള മാനദണ്ഡങ്ങൾ തന്നെ തുടരേണ്ടതാണ്.

(ii) എസി.ജി.എസ്.വൈ/എസ്.ജെ.എസ്.ആർ.വൈ സ്വയം സഹായ സംഘങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും വ്യക്തിഗത/ഗ്രൂപ്പ് സംരഭങ്ങൾക്ക് കേരള സംസ്ഥാന പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ വായ്പയും സ്വീകരിക്കാവുന്നതാണ്.

*(2) ഓട്ടോറിക്ഷ/പിക് അപ് ഓട്ടോറിക്ഷ*

നിരക്കുകൾ, പൊതുവിഭാഗം/പട്ടികജാതിക്കാർക്ക് 15,000 രൂപയായും പട്ടിക വർഗ്ഗക്കാർക്ക് 30,000 രൂപയായും വർദ്ധിപ്പിക്കുന്നു.

**2.8 വിവാഹ ധനസഹായം**

(1) പട്ടികജാതി വനിതകൾക്ക് നിലവിലുള്ള നിരക്ക് (5,000 രൂപ) തന്നെ തുടരേണ്ടതാണ്. പട്ടികവർഗ്ഗ വനിതകൾക്ക് പട്ടിക വർഗ്ഗ വികസന വകുപ്പ് 10,000 രൂപ അനുവദിക്കുന്നതിനാൽ വികേന്ദ്രീകൃതാസൂത്ര പദ്ധതിയിലും ആ നിരക്ക് ബാധകമാക്കി ഏകീകരിക്കുന്നു. വകുപ്പ് നടപ്പാക്കുന്ന പരിപാടി തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേനയായിരിക്കണം നടപ്പാക്കാക്കേണ്ടത്. വകുപ്പ് അനുവദി ക്കുന്ന വിഹിതം തികയാതെ വരുന്ന സന്ദർഭത്തിൽ മാത്രമേ തദ്ദേശഭരണ സ്ഥാപനങ്ങൾ തുക വകയിരുത്താൻ പാടുള്ളൂ.

(2) മിശ്രവിവാഹിതരുടെയും (intercast marriage), വ്യത്യസ്ത മതത്തിൽപ്പെട്ടവർ തമ്മിൽ വിവാഹം കഴിക്കുകയാണെങ്കിൽ (inter religion marriage) അവരുടെയും വിവാഹത്തിന് 5000 രൂപ ധനസഹായം അനുവദിക്കാവുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രമേ ധനസഹായം അനുവദിക്കാൻ പാടുള്ളൂ.

**2.9 മേൽക്കൂര മഴവെള്ള സംഭരണം**

നിലവിലുള്ള നിരക്ക് തുടരേണ്ടതാണ്.

**2.10 മറ്റുള്ളവ**

*(1) പദ്ധതി ആസൂത്രണ, മോണിട്ടറിംഗ് ചെലവുകൾ*

2008-09 വാർഷിക പദ്ധതി രണ്ട് ഘട്ടങ്ങളിലായി തയ്യാറാക്കൽ, പഞ്ചവൽസര പദ്ധതി തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ ഈ വർഷം പൂർത്തിയാക്കേണ്ടതു ള്ളതിനാൽ പദ്ധതി ആസൂത്രണത്തിന് കഴിഞ്ഞ വർഷം നിശ്ചയിച്ച അതേ പരിധി തന്നെ നടപ്പ് വർഷത്തേക്കും നിശ്ചയിക്കുന്നു. പദ്ധതി മോണിട്ടറിംഗ് ചെലവുകളുടെ പരിധിയ്ക്കും മാറ്റമില്ല.

*(2) പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുക*

മുകൾതട്ട് തദ്ദേശഭരണ സ്ഥാപനങ്ങളായ ജില്ലാ/ബ്ലോക്ക് പഞ്ചായത്തുകൾക്ക് മാത്രമേ കുറഞ്ഞ അടങ്കൽ തുക നിശ്ചയിക്കേണ്ടതുള്ളൂ. ജില്ലാ പഞ്ചായത്തു കളുടെ കുറഞ്ഞ അടങ്കൽ തുക 10 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തുകളുടെ കുറഞ്ഞ അടങ്കൽ തുക 5 ലക്ഷം രൂപയും ആയിരിക്കും. കോർപ്പറേഷനു കൾക്കും മുനിസിപ്പാലിറ്റികൾക്കും നിശ്ചയിച്ചിട്ടുള്ള കുറഞ്ഞ അടങ്കൽ തുക ഒഴിവാക്കുന്നു.

*(3) മറ്റിനങ്ങൾ*

(i) ചുവടെ ചേർത്തിട്ടുള്ള നിർദ്ദശങ്ങൾ മാർഗ്ഗരേഖയിൽ നിന്നും ഒഴിവാക്കുന്നു.

(a) വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്ന പ്രോജക്ടുകൾ രാജീവ് ഗാന്ധി വൈദ്യുതീകരണ യോജന (RGGVY)/ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ. ഫീഡർ മാപ്പിനെ അടിസ്ഥാനമാക്കിയാണ് തെരുവുവിളക്കു കളുടെ മീറ്ററിംഗ് നടത്തേണ്ടത്.

(b) സി.എഫ്.എൽ നിർമ്മാണം/അസംബ്ലിംഗ് പ്രോജക്ടുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതില്ല.

(c) സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ പരിപാടിയുമായി സംയോജിപ്പിച്ചു മാത്രമെ വ്യക്തിഗതമോ സാമൂഹികമോ ആയ ജൈവ വാതക പ്ലാന്റുകൾ സ്ഥാപിക്കേണ്ടതുള്ളൂ.

(ii) കേന്ദ്ര സർക്കാരിന്റെ സി.എഫ്.എൽ. വിതരണ പരിപാടി പ്രഖ്യാപിച്ച സാഹചര്യത്തിൽ, ആ പരിപാടി പ്രഖ്യാപിച്ചതിനുശേഷം മാത്രമേ തദ്ദേശ ഭരണ സ്ഥാപനങ്ങൾ സി.എഫ്.എൽ. വിതരണ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടുള്ളൂ എന്ന നിർദ്ദേശം ഒഴിവാക്കുന്നു.

തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സബ്സിഡി മാനദണ്ഡങ്ങൾ സംബന്ധിച്ച മാർഗരേഖ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

## 3 പ്രത്യേക വിഷയങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ

### 3.1 സാമൂഹ്യക്ഷേമ വകുപ്പ്

(i) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സുനാമി പുനരധിവാസ പദ്ധതി പ്രകാരം ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തികരിക്കുന്നതിന് വികസന/തനത് ഫണ്ടിൽ നിന്ന് അധിക തുക വിനിയോഗിക്കുവാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകാവുന്നതാണെന്ന സാമൂഹ്യക്ഷേമ വകുപ്പിന്റെ നിർദ്ദേശം അംഗീകരിക്കുന്നില്ല.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

(ii) ഒൻപത് വൃദ്ധമന്ദിരങ്ങൾക്കും നാല് വികലാംഗ മന്ദിരങ്ങൾക്കും ആംബുലൻസ് വാങ്ങുവാൻ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്ന ആവശ്യം അംഗീകരിക്കുന്നില്ല. അത്യാവശ്യഘട്ടങ്ങളിൽ ആംബുലൻസ് വാടകയ്ക്കെടുക്കാവുന്നതാണ്. സാമൂഹ്യക്ഷേമ വകുപ്പ് അതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കി സമർപ്പിക്കണം.

*(നടപടി: 1. പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)*
*2. ഡയറക്ടർ, സാമൂഹ്യക്ഷേമവകുപ്പ്)*

(iii) അംഗൻവാടി ജീവനക്കാരുടെ നിയമനം, സ്ഥലം മാറ്റം, അച്ചടക്ക നടപടികൾ സ്വീകരിക്കൽ എന്നിവ സാമൂഹ്യക്ഷേമ വകുപ്പിന്റെ ഉത്തരവാദിത്വമായിരിക്കുമെന്നും തദ്ദേശഭരണസ്ഥാപനങ്ങൾ ഇക്കാര്യത്തിൽ ഇടപെടാൻ പാടില്ലായെന്നും നിർദ്ദേശം നൽകണമെന്ന ആവശ്യം തദ്ദേശഭരണ സ്ഥാപന അസോസിയേഷനുകളുമായി ചർച്ച ചെയ്യുന്നതാണ്. അതോടൊപ്പം വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിലെ പ്രശ്നങ്ങളും ചർച്ച ചെയ്യുന്നതാണ്. തദ്ദേശസ്വയംഭരണം, ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം, ധനകാര്യം എന്നീ വകുപ്പു മന്ത്രിമാർ, സെക്രട്ടറിമാർ, വകുപ്പ് തലവൻമാർ എന്നിവരുടെ യോഗം ചേരുന്നതിന് നടപടി സ്വീകരിക്കണം. ആ യോഗത്തിലേയ്ക്ക് കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ, മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ, മേയർമാരുടെ കൗൺസിൽ എന്നിവരുടെ പ്രതിനിധികളെ പങ്കെടുപ്പിക്കണം. അംഗൻവാടി ജീവനക്കാരുടെ നിയമനം, സ്ഥലംമാറ്റം, അച്ചടക്ക നടപടികൾ സ്വീകരിക്കൽ എന്നിവയുമായി ബന്ധപ്പെട്ട് പ്രശ്നങ്ങൾ നിലവിലുള്ളതായി സമൂഹ്യക്ഷേമ വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുള്ള പുൽപ്പള്ളി, നൂൽപ്പുഴ, കഠിനംകുളം, കല്ലിയൂർ, പനയം, ശാസ്താംകോട്ട, അതിയന്നൂർ, പെരുങ്കടവിള, ഇരിട്ടി തുടങ്ങിയ ഗ്രാമപഞ്ചായത്തുകളുടെയും കൊടുങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്തിന്റെയും പ്രസിഡന്റുമാരെ കൂടി ആ യോഗത്തിലേക്ക് ക്ഷണിക്കണം.

യോഗം കൂടുന്നതിനുള്ള തീയതി നിശ്ചയിച്ച് അറിയിപ്പു നൽകുന്നതിന് നടപടി സ്വീകരിക്കണം.

*(നടപടി : പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.2 ജില്ലാ ആസൂത്രണസമിതി, തൃശൂർ

വിദ്യാർത്ഥികൾക്ക് മേശ, കസേര, വൃദ്ധർക്ക് കട്ടിൽ, വിദ്യാർത്ഥിനികൾക്ക് സൈക്കിൾ എന്നീ പ്രോജക്ടുകൾക്ക് അംഗീകാരം നൽകേണ്ടതില്ലെന്ന് വിശദീകരണം നൽകണം. *(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.3 തൃശൂർ ജില്ലാപഞ്ചായത്ത്

പൊതുവിഭാഗം ഭവന പ്രോജക്ട് നടപ്പാക്കുന്നതിന് 2003–04–ൽ ജില്ലയിലെ 9 ബാങ്കുകളിലായി തുക നിക്ഷേപിച്ച നടപടി ചട്ട വിരുദ്ധമാണെന്ന് അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ളതിനാൽ, ജില്ലാപഞ്ചായത്തിന്റെ

ആവശ്യപ്രകാരം പ്രസ്തുത പ്രോജക്ട് നിർത്തലാക്കുന്നതിനും ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ളതിൽ ബാക്കിയുള്ള 80,43,891 രൂപ ഇ.എം.എസ് ഭവന പരിപാടിക്കായി വിനിയോഗിക്കുന്നതിനും അനുമതി നൽകുന്നു. എന്നാൽ മുൻപ് നടപ്പാക്കിയ ഭവന പ്രോജക്ടിന്റെ ഭാഗമായി കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക് സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കാവുന്ന ധനസഹായം പൂർണ്ണമായും നൽകണം. കുടിശ്ശിക ഉണ്ടാകാൻ പാടില്ല.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.4 കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത്

2006–07 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'മഴവെള്ള സംഭരണി നിർമ്മാണം' എന്ന പ്രോജക്ടിന്റെ ആനുകൂല്യം ബി.പി.എൽ, എ.പി.എൽ വ്യത്യാസമില്ലാതെ ഗുണഭോക്താക്കൾക്ക് നൽകിയ നടപടിക്കും പ്രസ്തുത പ്രോജക്ട് അന്ത്യോദയ, അങ്കമാലി എന്ന സ്ഥാപനം മുഖേന നടപ്പാക്കിയ നടപടിക്കും സാധൂകരണം നൽകുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.5 വള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്

തനത്ഫണ്ടിൽ നിന്നും 4475 രൂപ വിനിയോഗിച്ച് www.vallikunnupanchayat.org എന്ന വെബ്സൈറ്റിന്റെ കരാർ കാലാവധി പുതുക്കുന്നതിന് അനുമതി നൽകുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.6 അമ്പലപ്പുഴ വടക്ക് ഗ്രാമപഞ്ചായത്ത്

'ഡിസ്കോ വള്ളവും വലയും' എന്ന പ്രോജക്ട്, സർക്കാർ പുതുക്കി നിശ്ചയിക്കുന്ന സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം നടപ്പാക്കാവുന്നതാണെന്ന് വിശദീകരണം നൽകണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.7 ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

മൂന്നാർ, ദേവികുളം ഗ്രാമപഞ്ചായത്തുകളിൽ ഭൂമി ലഭ്യത വളരെ കുറവാണെന്നതും ഈ പ്രദേശത്ത് ഭൂമി സംബന്ധമായി ഒട്ടേറെ നിയമപ്രശ്നങ്ങൾ നിലനിൽക്കുന്നതിനാൽ റവന്യൂ വകുപ്പ് കൈവശരേഖ നൽകുന്നത് നിർത്തി വച്ചിരിക്കുകയാണെന്നും ഉള്ള വസ്തുതകൾ കണക്കിലെടുത്ത് സമീപ ഗ്രാമ പഞ്ചായത്തുകളായ മറയൂർ, കാന്തള്ളൂർ എന്നിവിടങ്ങളിൽ ഗുണഭോക്താക്കൾ ഭൂമി വാങ്ങുകയാണെങ്കിൽ ഇന്ദിരാ ആവാസ് യോജന പ്രകാരം വീട് നിർമ്മാണത്തിന്, ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി, ധനസഹായം അനുവദിക്കാവുന്നതാണെന്നുള്ള ഗ്രാമവികസന കമ്മീഷണറുടെ ശുപാർശ അംഗീകരിക്കുന്നു.

(1) തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താവിന്റെ കുടുംബം കുറഞ്ഞത് ഏഴ് വർഷമെങ്കിലും മൂന്നാർ, ദേവികുളം ഗ്രാമപഞ്ചായത്തുകളിൽ സ്ഥിരതാമസക്കാരായിരിക്കണം.

(2) ഇപ്രകാരം ധനസഹായം നൽകുന്ന കുടുംബങ്ങളെ സംബന്ധിച്ച വിവരങ്ങൾ മൂന്നാർ, ദേവികുളം ഗ്രാമപഞ്ചായത്തുകളിലെ ഐ.എ.വൈ. സ്ഥിരം ലിസ്റ്റിൽ രേഖപ്പെടുത്തുകയും ആ കുടുംബങ്ങൾ തുടർന്ന് ഈ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ധനസഹായം വാങ്ങുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

(3) ഇപ്രകാരം വീട് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന ഗുണഭോക്താക്കളുടെ പൂർണ്ണമായ വിവരങ്ങൾ അവർ സ്ഥലം വാങ്ങിയ ഗ്രാമ പഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതാണ്.

(4) വീടുകളുടെ നിർമ്മാണത്തിന്റെ മേൽനോട്ട ചുമതല വീട് നിർമ്മിക്കുന്ന ഗ്രാമപഞ്ചായത്തുകളിലെ ബന്ധപ്പെട്ട വി.ഇ.ഒ/എൽ.വി.ഇ.ഒ മാർക്കായിരിക്കും.

ഗുണഭോക്താക്കൾക്ക് സ്വീകാര്യമാണെങ്കിൽ മാത്രമേ ഇപ്രകാരം സമീപ ഗ്രാമപഞ്ചായത്തുകളിൽ വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കാൻ പാടുള്ളൂ.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.8 ഭവന നിർമ്മാണ വകുപ്പ്

ഇ.എം.എസ്. ഭവന പരിപാടി ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന എല്ലാ ഭവന പരിപാടികളുടെയും ടെക്നിക്കൽ കൺസൾട്ടൻസിയായി ഭവന നിർമ്മാണ ബോർഡിനെ നിശ്ചയിക്കാവുന്നതാണെന്ന നിർദ്ദേശം, തദ്ദേശസ്വയം ഭരണ വകുപ്പിന് കീഴിൽ എഞ്ചിനീയറിംഗ് വിഭാഗം ഉള്ള സാഹചര്യത്തിൽ, അംഗീകരിക്കുന്നില്ല. *(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.9 കൊല്ലം കോർപ്പറേഷൻ

സംയോജിത ഭവന–ചേരി വികസന പരിപാടി (IHSDP), നഗരങ്ങളിലെ ദരിദ്രർക്ക് അടിസ്ഥാന സേവനങ്ങൾ (BSUP) എന്നീ പരിപാടികൾ നടപ്പാക്കുന്ന പ്രദേശങ്ങളിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തീർണ്ണത്തിന്റെ ഉയർന്ന പരിധി 60 ചതുരശ്ര മീറ്ററായി പുതുക്കി നിശ്ചയിക്കുന്നു. സബ്സിഡി മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പുറപ്പെടുവിക്കുന്ന ഉത്തരവിൽ ഈ തീരുമാനം കൂടി ഉൾപ്പെടുത്തണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.10 തിരുവാണിയൂർ ഗ്രാമപഞ്ചായത്ത്

തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന എല്ലാ പ്രോജക്ടുകൾക്കും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ആവശ്യമാണ്. ആയതിനാൽ കൊച്ചിൻ റിഫൈനറീസ് ലിമിറ്റഡിന്റെ സാമ്പത്തിക സഹായം വിനിയോഗിച്ച് നടപ്പാക്കുന്ന പ്രോജക്ടുകളും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ മാത്രമേ നടപ്പാക്കാൻ പാടുള്ളൂവെന്ന് വിശദീകരണം നൽകണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.11 കൊല്ലം ജില്ലാ പഞ്ചായത്ത്

എപ്പിഡമിക് കൺട്രോൾ മൊബൈൽ യൂണിറ്റ്–ആയുർവേദം, എപ്പിഡമിക് കൺട്രോൾ മൊബൈൽ യൂണിറ്റ്–ഹോമിയോ എന്നീ പ്രോജക്ടുകൾ പ്രകാരം രണ്ട് വാഹനങ്ങൾ വാങ്ങുന്നതിന് അനുമതി നൽകുന്നു. പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് മാത്രമേ വാഹനങ്ങൾ ഉപയോഗിക്കുന്നുള്ളൂവെന്ന് ഉറപ്പാക്കണം. ഡ്രൈവറുടെ ശംബളം, ഇന്ധനം, മെയിന്റനൻസ് എന്നിങ്ങനെയുള്ള ചെലവുകൾക്ക് ജില്ലാപഞ്ചായത്തിന്റെ ഫണ്ടുകൾ വിനിയോഗിക്കുവാൻ പാടില്ല. ആ ചെലവുകൾ ആശുപത്രി മാനേജ്മെന്റ് ഫണ്ടിൽ നിന്നും കണ്ടെത്തണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.12 തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത്

2007–08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'തലക്കുളത്തൂർ ഗവ. എൽ.പി. സ്കൂൾ വാടക കെട്ടിടവും ഭൂമിയും ഏറ്റെടുക്കൽ' എന്ന പ്രോജക്ട് പ്രകാരം നടപടിക്രമങ്ങൾ പാലിച്ച് സ്ഥലവും കെട്ടിടവും വാങ്ങുന്നതിന് അനുമതി നൽകുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.13 മലപ്പുറം ജില്ലാ പഞ്ചായത്ത്

ആശുപത്രികൾക്ക് മരുന്നുകൾ വാങ്ങുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഫണ്ടിന്റെ 10 ശതമാനം വരെ വിനിയോഗിക്കുന്നതിന് 9.12.2004–ലെ സ.ഉ.(എം.എസ്)330/2004/തസ്വഭവ നമ്പർ പ്രകാരം അനുമതി നൽകിയിട്ടുണ്ടെന്ന് മലപ്പുറം ജില്ലാ പഞ്ചായത്തിന് വിശദീകരണം നൽകണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**3.14 കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി**

(i) 'ഒന്നാം ക്ലാസ്സിലേയ്ക്ക് പ്രവേശിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ കുട വിതരണം' എന്ന പ്രോജക്ടിന് അനുമതി നൽകുന്നില്ല.

(ii) സംസ്ഥാനത്തെ ദരിദ്രകുടുംബങ്ങളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് സ്കീം, സർക്കാർ ആവിഷ്കരിച്ചു നടപ്പാക്കാൻ ഉദ്ദേശിക്കുന്നതിനാൽ മുനിസിപ്പാലിറ്റി നിർദ്ദേശിച്ചിട്ടുള്ള 'അപകട ആരോഗ്യ ഇൻഷ്വറൻസ്' എന്ന പ്രോജക്ടിന് അനുമതി നൽകുന്നില്ല.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**3.15 കിനാനൂർ - കരിന്തളം ഗ്രാമപഞ്ചായത്ത്**

കാസർകോഡ് ജില്ലയിലെ 'വേട്ടുവ' സമുദായത്തെ പട്ടിക വർഗ്ഗ സമുദായങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ആ സമുദായത്തെ പട്ടികജാതി വിഭാഗമായി കണക്കാക്കിയാണ് 2008-09 വാർഷിക പദ്ധതിയിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രത്യേക ഘടക പദ്ധതി, പട്ടകവർഗ്ഗ ഉപപദ്ധതി വിഹിതം അനുവദിച്ചിട്ടുള്ളത്. വിഹിതങ്ങൾ പുനഃക്രമീകരിക്കുന്നതിന് കാലതാമമുണ്ടാകുമെന്നതിനാൽ വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ വേട്ടുവ സമുദായത്തിലെ അർഹരായ ഗുണഭോക്താക്കൾക്ക് പ്രത്യേക ഘടക പദ്ധതി വിഹിതത്തിൽ നിന്നും പട്ടിക വർഗ്ഗക്കാർക്ക് നിശ്ചയിച്ചിട്ടുള്ള സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം അനുവദിക്കുന്നതിന് അനുമതി നൽകുന്നു. ഉത്തരവ് പുറപ്പെടുവിക്കണം.

*(നടപടി. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**3.16 ചാവക്കാട് നഗരസഭ**

(i) ബീഡി, മത്സ്യം, ചുമട് തൊഴിലാളികളുടെ കുടുംബങ്ങളിൽ നിന്ന് പ്ലസ് വണിന് ചേർന്ന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകുന്നില്ല.

(ii) തീരദേശ സ്കൂളുകളിൽ പഠിക്കുന്ന 80-ഓളം വിദ്യാർത്ഥികൾ പ്രഭാത ഭക്ഷണംപോലും ലഭിക്കാതെ പ്രയാസപ്പെടുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ആ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം നൽകുന്നതിന് തനത് ഫണ്ടിൽ നിന്ന് 1.60 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**3.17 പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ**

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വിഭാഗത്തിലെ കുട്ടികൾക്ക് സൈന്യം, പാരാമിലിട്ടറി, പോലീസ്, സേനാ വിഭാഗങ്ങളിലേക്ക് തെരഞ്ഞെടുക്കപ്പെടാൻ സഹായകമായ രീതിയിൽ ഈ സ്ഥാപനം നടത്തുന്ന അംഗീകൃത പരിശീലന പരിപാടിയുടെ [4.10.2005-ലെ സ.ഉ. (സാധാ)4053 /2005/തസ്വഭവ; 04.07.2006-ലെ സ.ഉ.(സാധാ) 1576/ 2006/തസ്വഭവ നമ്പർ ഉത്തരവുകൾ] ഫീസ് 5500 രൂപയായി പുതുക്കി നിശ്ചയിക്കുന്നു. ദാരിദ്യരേഖയ്ക്ക് താഴെയുള്ള പൊതുവിഭാഗക്കാർക്ക് അനുവദിക്കാവുന്ന സബ്സിഡി തുക 4000 രൂപയും പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് അനുവദിക്കാവുന്ന സബസിഡി തുക 5000 രൂപയുമായിരിക്കും. പുതുക്കി നിശ്ചയിക്കുന്നു. ഉത്തരവ് പുറപ്പെടുവിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**3.18 പൊൽപുള്ളി ഗ്രാമപഞ്ചായത്ത്**

(i) മലമ്പുഴ ബ്ലോക്ക് പഞ്ചായത്ത് മാംസം, മുട്ട, മത്സ്യ സംഭരണ, സംസ്കരണ, വിപണന സഹകരണ സംഘത്തിൽ (മെഫ്കോ) നിന്നും മത്സ്യകുഞ്ഞുങ്ങൾ വാങ്ങി 100% സബ്സിഡിയോടെ ബി.പി.എൽ, എ.പി.എൽ പരിഗണന കൂടാതെ

മത്സ്യകർഷകർക്ക് വിതരണം ചെയ്ത നടപടിക്ക് സാധൂകരണം നൽകുന്നു. 2008–09 വാർഷിക പദ്ധതി മുതൽ പുതുക്കി നിശ്ചയിച്ച സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കണം.

(ii) ഫിഷറീസ് വകുപ്പ് നടപ്പാക്കുന്ന പരിപാടികൾക്ക് ആവശ്യമായ മത്സ്യ കുഞ്ഞുങ്ങൾ, വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരം ഈ സംഘത്തിൽ നിന്നും വാങ്ങുന്നതിന് നടപടി സ്വീകരിക്കണമെന്ന് ഫിഷറീസ് വകുപ്പിനോട് ശുപാർശ ചെയ്യുന്നു. ഫിഷറീസ് വകുപ്പിന് കുറിപ്പ് നൽകണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**3.19 നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്**

നെടുങ്കണ്ടം ഗവ. യു.പി. സ്കൂളിലെ വിദ്യാർത്ഥികളുടെ യാത്രയ്ക്കായി ഗ്രാമ പഞ്ചായത്ത് വാങ്ങി പി.ടി.എ. യ്ക്ക് നൽകിയ വാഹനത്തിന്റെ ഇൻഷ്വറൻസ്, ടാക്സ് എന്നീ ചെലവുകൾ ഒറ്റത്തവണത്തേക്ക് മാത്രം ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടയ്ക്കുന്നതിന് അനുമതി നൽകുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**3.20 എറണാകുളം ജില്ലാകളക്ടർ**

എറണാകുളം ജില്ലാ പഞ്ചായത്ത്, ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്, തൃക്കാക്കര ഗ്രാമപഞ്ചായത്ത് എന്നീ തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്തമായി നിർമ്മിച്ച വൃദ്ധജനാരോഗ്യ കേന്ദ്രത്തിന്റെ ജീവനക്കാരുടെ വേതനം, ഇലക്ട്രിസിറ്റി–കുടിവെള്ള ചാർജ്ജുകൾ, വാർഷിക അറ്റകുറ്റപ്പണികൾ എന്നിങ്ങനെയുള്ള 2007–08–ലെ ആവർത്തന ചെലവുകൾ വഹിക്കുന്നതിന് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും 3.70 ലക്ഷം രൂപ അനുവദിക്കുന്നതിന് 26.03.2008–ൽ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം അനുമതി നൽകിയിരുന്നു വെങ്കിലും ഉത്തരവ് ലഭിക്കാൻ വൈകിയതിനാൽ ആ വർഷം തുക വിനിയോഗിക്കാൻ കഴിഞ്ഞില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക 2008–09 വാർഷിക പദ്ധതിയിൽ വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു.

ഈ സ്ഥാപനത്തിന്റെ 2008–09–ലെ മുകളിൽ സൂചിപ്പിച്ച ചെലവുകൾക്ക് ചുവടെ പ്രതിപാദിക്കുന്ന പ്രകാരം 2008–09 വാർഷിക പദ്ധതിയുടെ ഭാഗമായി തുക വിനിയോഗിക്കുന്നതിനുള്ള അനുമതി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകുന്നു.

| | |
|---|---|
| എറണാകുളം ജില്ലാ പഞ്ചായത്ത് | – 3.70 ലക്ഷം രൂപ |
| ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | – 2.00 ലക്ഷം രൂപ |
| തൃക്കാക്കര ഗ്രാമപഞ്ചായത്ത് | – 4.30 ലക്ഷം രൂപ |

ഉത്തരവ് പുറപ്പെടുവിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**3.21 കാസർഗോഡ് ജില്ലാ പഞ്ചായത്ത്**

2004–05 മുതൽ നടപ്പാക്കിവരുന്ന 'എച്ച്.ഐ.വി ബാധിതർക്ക് പോഷകാഹാരം' എന്ന പ്രോജക്ട് പ്രകാരം ഗുണഭോക്താക്കൾക്ക്, സർക്കാർ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിന് നിശ്ചയിച്ചിട്ടുള്ളതിൽ കൂടുതൽ അളവിൽ ഭക്ഷണം അനുവദിക്കുന്നതിന് അനുമതി നൽകുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

**3.22 താനൂർ ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ നടപ്പാക്കുന്ന 'പരിരക്ഷ' പ്രോജക്ടിന്റെ ഭാഗമായി ബാങ്ക് വായ്പയുമായി ബന്ധപ്പെടുത്തി ആംബുലൻസ് വാങ്ങുന്നതിനും ആ ഇനത്തിൽ 2008–09 വാർഷിക പദ്ധതിയിൽ 1.00 ലക്ഷം രൂപ വിനിയോഗിക്കുന്നതിനും അനുമതി നൽകുന്നു. ഡ്രൈവറുടെ ശംബളം, ഇന്ധനം, മെയിന്റനൻസ് തുടങ്ങിയ ആവർത്തന ചെലവുകൾ വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിന്റെ ഫണ്ടുകൾ വിനിയോഗിക്കാൻ പാടില്ല.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.23 ഏലപ്പിള്ളി ഗ്രാമപഞ്ചായത്ത്

പുതുതായി നിർമ്മിക്കുന്ന ഓഫീസ് കെട്ടിടത്തിന്റെ പ്ലാൻ, ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നതിനുള്ള ചുമതല പ്രൈവറ്റ് ആർക്കിടെക്ടിനെ ഏൽപ്പിക്കുന്നതിന് അനുമതി നൽകുന്നു. 26.05.2004-ലെ സ.ഉ.(എം.എസ്) 58/2004/ പി.ഡബ്ല്യൂ.ഡി നമ്പർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ചിട്ടുള്ള പ്രതിഫലം അനുവദിക്കാവുന്നതാണ്. നിർവഹണ മേൽനോട്ടച്ചുമതല ഗ്രാമപഞ്ചായത്തിന്റെ എഞ്ചിനീയറെ ഏൽപ്പിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.24 വിതുര ഗ്രാമപഞ്ചായത്ത്

1998-99 വാർഷിക പദ്ധതിയിൽ ചെറുകിട വ്യവസായ വികസന പ്രോജക്ടുകളും വനിതാ വികസന പ്രോജക്ടുകളും നടപ്പാക്കുന്നതന് 1998-99-ൽ രൂപീകരിച്ച സൊസൈറ്റികളുടെ അക്കൗണ്ടിൽ ബാക്കിയുണ്ടായിരുന്നതിൽ റവന്യൂ റിക്കവറി മുഖേന ഗ്രാമപഞ്ചായത്തിന് ലഭിച്ച 22,09,179 രൂപ, ഈ സൊസൈറ്റികൾക്ക് ഏതൊക്കെ വിഭാഗത്തിലും മേഖലയിലും ഉൾപ്പെടുത്തിയാണോ ഫണ്ട് അനുവദിച്ചു നൽകിയത് ആ വിഭാഗത്തിലും മേഖലയിലുമായി വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു.

റോഡ്/സ്കൂൾ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് 2008-09-ലെ വികസനഫണ്ട് വിഹിതം വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന് പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.25 നേമം ബ്ലോക്ക് പഞ്ചായത്ത്

1998-99 വാർഷിക പദ്ധതി പ്രകാരം രൂപീകരിച്ച ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പേരിൽ ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിച്ചിരുന്ന തുകയിൽ നിന്ന്, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ (2004-06) 11-മത് റിപ്പോർട്ടിലെ നിർദ്ദേശപ്രകാരം ബ്ലോക്ക് പഞ്ചായത്തിന് തിരികെ ലഭിച്ച 13,41,665 രൂപ, ഏത് വിഭാഗത്തിലും മേഖലയിലും ഉൾപ്പെടുത്തിയാണോ സംഘത്തിന് 1998-99-ൽ തുക അനുവദിച്ചു നൽകിയത് ആ വിഭാഗത്തിൽ ഉൾപ്പെടുത്തി ബന്ധപ്പെട്ട മേഖലയിൽ തന്നെ വിനിയോഗിക്കുന്നതിന് അനുമതി നൽകുന്നു.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

### 3.26 ശുചിത്വ മിഷൻ

(i) പൊതു സംവിധാനത്തിലേയ്ക്ക് മാലിന്യം എത്തുന്നത് കുറയ്ക്കുവാൻ അവ ഉത്പാദിപ്പിക്കുന്ന സ്രോതസ്സിൽ തന്നെ സംസ്കരിക്കുന്നതിന് മാലിന്യ മുക്ത കേരളം പ്രോജക്ടിൽ മുൻഗണന നൽകിയിട്ടുള്ളതിനാൽ ഉത്പാദന ഉറവിടങ്ങളായ വീടുകൾ, ചന്തകൾ, പൊതുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സോക്ക്പിറ്റ്, ഗാർബേജ്പിറ്റ്, കമ്പോസ്റ്റിംഗ്, ബയോഗ്യാസ് പ്ലാന്റുകൾ തുടങ്ങിയവ സാർവത്രികമായി നടപ്പാക്കണമെന്ന നിർദ്ദേശം അംഗീകരിക്കുന്നില്ല. എന്നാൽ ഒന്നോ രണ്ടോ ഗ്രാമപഞ്ചായത്തുകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്നതിന് അനുമതി നൽകുന്നു.

*(നടപടി:1. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്*
*2. ഡയറക്ടർ, ശുചിത്വമിഷൻ)*

(ii) വെർമി കമ്പോസ്റ്റിംഗ്, വിൻഡ്രോ കമ്പോസ്റ്റിംഗ്, ബയോ മെഥനേഷൻ എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നിർമ്മിക്കുന്നതിന് 11.02.2008-ലെ സ.ഉ.(എം.എസ്) 39/28/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള സ്റ്റാൻഡേർഡ്സ്, സ്പെസിഫിക്കേഷൻസ്, യൂണിറ്റ് കോസ്റ്റ് മുതലായവ അനുസരിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകളുടെ സാങ്കേതികാനുമതി സംബന്ധിച്ച് ചുവടെയുള്ള സ്പഷ്ടീകരണം നൽകണം.

മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള സാങ്കേതിക രീതികൾ അവലംബിച്ച് ഒരു ടൺ വരെയുള്ള മണ്ണിര കമ്പോസ്റ്റ് പ്ലാന്റുകൾ, മൂന്ന് ടൺവരെയുള്ള വിൻഡ്രോ കമ്പോസ്റ്റ് പ്ലാന്റുകൾ, ഒരു ടൺ വരെയുള്ള ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പ്രോജക്ടുകൾക്ക് സംസ്ഥാന ശുചിത്വ മിഷന്റെ സാങ്കേതികാനുമതി ആവശ്യമില്ല. അത്തരം പ്രോജക്ടുകൾ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പ് പരിശോധിച്ച് ശുപാർശ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരത്തോടെ ടി.എ.ജി. ഉപ സമിതിയുടെ സാങ്കേതിക അനുമതി വാങ്ങി നടപ്പാക്കാവുന്നതാണ്. എന്നാൽ കൂടുതൽ ശേഷിയുള്ള പ്ലാന്റുകൾ– അതായത് ഒരു ടണ്ണിൽ കൂടുതൽ ശേഷിയുള്ള മണ്ണിര കമ്പോസ്റ്റ് പ്ലാന്റുകൾ, മൂന്ന് ടണ്ണിൽ കൂടുതൽ ശേഷിയുള്ള വിൻഡ്രോ കമ്പോസ്ററ് പ്ലാന്റുകൾ, ഒരു ടണ്ണിൽ കൂടുതൽ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ എന്നിവ ശുചിത്വ മിഷന്റെ സാങ്കേതികാനുമതിയോടെ മാത്രമേ നടപ്പാക്കാൻ പാടുള്ളൂ.

ശുചിത്വ മിഷന്റെ സാമ്പത്തിക സഹായം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകൾക്കും ശുചിത്വ മിഷന്റെ സാങ്കേതികാനുമതി ആവശ്യമാണ്. അതുപോലെ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത സാങ്കേതിക രീതികൾ ഉപയോഗിച്ച് നിർമ്മിക്കുന്ന പ്ലാന്റുകൾക്കും അവയുടെ ശേഷി എത്രയാണെങ്കിൽ തന്നെയും ശുചിത്വ മിഷന്റെ സാങ്കേതികാനുമതി ആവശ്യമാണ്. ടി.എ.ജി. യുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ജില്ലാ ആസൂത്രണ സമിതിയുടെ അഗീകാരം ലഭിച്ചതിനുശേഷം അത്തരം പ്രോജക്ടുകൾ ശുചിത്വ മിഷന് സമർപ്പിക്കണം. പ്രോജക്ട് തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനും സാങ്കേതിക സ്പഷ്ടീകരണം ആവശ്യമുണ്ടെങ്കിൽ അതിന് ശുചിത്വ മിഷനെ സമീപിക്കാവുന്നതാണ്.

സർക്കുലർ പുറപ്പെടുവിക്കണം.

*(നടപടി: പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്)*

******

**30.06.2008–ലെ യോഗത്തിൽ പങ്കെടുത്തവർ**

1. ശ്രീ.പാലോളി മുഹമ്മദ്കുട്ടി
   ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി
2. ഡോ.ടി.എം.തോമസ് ഐസക്
   ബഹുമാനപ്പെട്ട ധനകാര്യവകുപ്പ് മന്ത്രി
3. ശ്രീ.സി.പി.നാരായണൻ
   മെമ്പർ, സംസ്ഥാന ആസൂത്രണ ബോർഡ്
4. ശ്രീ.എസ്.എം.വിജയാനന്ദ്
   പ്രിൻസിപ്പൽ സെക്രട്ടറി
   തദ്ദേശസ്വയംഭരണ വകുപ്പ്
5. ശ്രീ.പോൾ ആന്റണി
   പ്രിൻസിപ്പൽ സെക്രട്ടറി
   പട്ടികജാതി– പട്ടികവർഗ്ഗ വികസന വകുപ്പ്
6. പ്രൊഫ.പി.കെ.രവീന്ദ്രൻ
   തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
7. പ്രൊഫ.എം.കെ.പ്രസാദ്
   ചെയർമാൻ ആന്റ് എക്സിക്യൂട്ടീവ് ഡയറക്ടർ
   ഇൻഫർമേഷൻ കേരള മിഷൻ
8. ശ്രീമതി.ശാരദാ മുരളീധരൻ
   എക്സിക്യൂട്ടീവ് ഡയറക്ടർ
   കുടുംബശ്രീ മിഷൻ
9. ശ്രീ.ഇ.അയ്യപ്പൻ
   ഡയറക്ടർ
   പട്ടികവർഗ്ഗ വികസന വകുപ്പ്
10. ഡോ.ആർ.വിജയകുമാർ
    ഡയറക്ടർ,
    മൃഗസംരക്ഷണ വകുപ്പ്

11. ശ്രീ.കെ.കെ.ഗംഗാധരൻ
കൃഷി ഡയറക്ടർ (ഇൻചാർജ്ജ്)
12. ശ്രീ.എസ്.ദിനേശ്.
അഡീഷണൽ ഡെവലപ്പ്മെന്റ് കമ്മീഷണർ
ഗ്രാമവികസനവകുപ്പ്
13. ഡോ.അജയകുമാർ വർമ്മ
എക്സിക്യൂട്ടീവ് ഡയറക്ടർ
ശുചിത്വ മിഷൻ
14. ശ്രീ.കെ.ബി.ഷാജി
അഡീഷണൽ ഡയറക്ടർ
ഫിഷറീസ് വകുപ്പ്
15. ശ്രീമതി.അന്നമ്മ ഡാനിയേൽ
അഡീഷണൽ സെക്രട്ടറി
തദ്ദേശ സ്വയംഭരണ വകുപ്പ്
16. ശ്രീ.കെ.സുന്ദരൻ
ചീഫ് എഞ്ചിനീയർ
തദ്ദേശസ്വയംഭരണ വകുപ്പ്
17. ശ്രീ.കെ.കെ.മണി
ഡയറക്ടർ (ഇൻചാർജ്ജ്)
സാമൂഹ്യക്ഷേമവകുപ്പ്
18. ശ്രീ. കെ.പി.മണി
ജോയിന്റ് ഡയറക്ടർ
വികേന്ദ്രീകൃതാസൂത്രണ വിഭാഗം
സംസ്ഥാന ആസൂത്രണ ബോർഡ്
19. ശ്രീ.ഈപ്പൻ ഫ്രാൻസിസ്
ജോയിന്റ് ഡയറക്ടർ
പഞ്ചായത്ത് വകുപ്പ്
20. ശ്രീ.പി.പി.സുരേന്ദ്രൻ
ഡെപ്യൂട്ടി ജനറൽ മാനേജർ
മത്സ്യഫെഡ്
21. ഡോ.കെ.ശോഭന കുമാരി
ഡെപ്യൂട്ടി ജനറൽ മാനേജർ
മത്സ്യഫെഡ്
22. ശ്രീ.ബി.മുരളീധരൻ
സീനിയർ ഫിനാൻസ് ഓഫീസർ
നഗരകാര്യ വകുപ്പ്
23. ശ്രീ.കെ.പ്രേംകുമാർ
ഡയറക്ടർ (ട്രെയിനിംഗ്)
ഇൻഫർമേഷൻ കേരളമിഷൻ

**********